**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2035** **03-03-2025 - ൽ മറുപടിയ്ക്ക്**

**സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.കെ. രാമചന്ദ്രൻ** | | **ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** | |
| (എ) | സംസ്ഥാനത്ത് കൂടുതൽ സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി അനുവദിയ്ക്കുവാൻ നടപടി സ്വീകരിക്കുമോ; | (എ) | സംസ്ഥാനത്ത് നിലവിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി 979 സ്കൂളുകളിൽ പ്രവർത്തിച്ച് വരുന്നു. കൂടുതൽ സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ പദ്ധതി അനുവദിക്കുന്നതിന്റെ ഭാഗമായി 70 പുതിയ സ്കൂളുകളിൽ എസ്.പി.സി. പദ്ധതി അടുത്ത അദ്ധ്യയന വർഷം മുതൽ ആരംഭിക്കുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. (പ്രസ്തുത ഉത്തരവ ഉള്ളടക്കം ചെയ്യുന്നു) |
| (ബി) | പുതുക്കാട് മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകൾക്കാണ് ഈ അധ്യായന വർഷത്തിൽ പ്രസ്തുത പദ്ധതി പുതുതായി അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | പുതുക്കാട് മണ്ഡലത്തിലെ വരന്തരപ്പിള്ളി സി.ജെ.എം.എ.എച്ച്.എസ്.എസ്.-ൽ പുതുതായി എസ്.പി.സി. പദ്ധതി അനുവദിച്ചിട്ടുണ്ട് |
| (സി) | ഹയർ സെക്കൻഡറി സ്കൂളുകളിലെ പ്ലസ് വൺ, പ്ലസ് ടു വിദ്യാർത്ഥികളെക്കൂടി പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ? | (സി) | സംസ്ഥാനത്ത് നിലവിൽ 82 ഹയർ സെക്കൻഡറി സ്കൂളുകളിൽ എസ്.പി.സി. പദ്ധതി സജീവമായി പ്രവർത്തിക്കുന്നുണ്ട്. ഹയർ സെക്കൻഡറി വിഭാഗത്തിൽ പുതിയ സ്കൂളുകൾ ഉൾപ്പെടുത്തുന്നതിനായി വിജ്ഞാപനം പുറപ്പെടുവിക്കുന്ന മുറയ്ക്ക് നിർദ്ദിഷ്ട യോഗ്യതയുള്ള സ്കൂളുകൾക്ക് അപേക്ഷിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആഭ്യന്തര വകുപ്പ് - 2024-25 അദ്ധ്യയന വർഷത്തിലേയ്ക്ക് 70 സ്കൂളുകളിൽ പുതുതായി അനുവദിച്ച സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി 2025-26 അദ്ധ്യയന വർഷം മുതൽ പ്രാബല്യത്തിൽ വരുത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആഭ്യന്തര (ഡി) വകുപ്പ്**

സ.ഉ.(സാധാ) നം.484/2025/HOMEതീയതി,തിരുവനന്തപുരം, 13-02-2025

---

പരാമർശം:- 1. 16.12.2024 തീയതിയിലെ സർക്കാർ ഉത്തരവ് നമ്പർ GO(Rt) No. 3774-2024-Home നമ്പർ ഉത്തരവ്

2. സംസ്ഥാന പോലീസ് മേധാവിയുടെ 28/12/2024, 01.01.2025 തീയതികളിലെ യഥാക്രമം A1/98/2024/SPC,C2-126651/2023/PHQ നമ്പർ കത്തുകൾ

**ഉത്തരവ്**

പരാമർശം 1 പ്രകാരം 2024-25 അദ്ധ്യയന വർഷത്തിലേയ്ക്ക് 70 സ്കൂളുകളിൽ കൂടി പുതുതായി സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി അനുവദിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്.

2024-25 അദ്ധ്യയന വർഷം അവസാനിക്കാറായ സാഹചര്യത്തിൽ 70 പുതിയ സ്കൂളുകളെ സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിയുടെ ഭാഗമാക്കൽ നടപ്പിൽ വരുത്തുന്നത് 2025-26 അദ്ധ്യയന വർഷം മുതൽ പ്രാബല്യത്തിൽ വരുന്ന തരത്തിലുള്ള ഉത്തരവ് സർക്കാരിൽ നിന്ന് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് പരാമർശം 2 പ്രകാരം സംസ്ഥാന പോലീസ് മേധാവി അപേക്ഷിച്ചു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2024-25 അദ്ധ്യയന വർഷത്തിലേയ്ക്ക് 70 സ്കൂളുകളിൽ കൂടി പുതുതായി അനുവദിച്ച സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി, 2025-26 അദ്ധ്യയന വർഷം മുതൽ പ്രാബല്യത്തിൽ വരുത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**MANJU M**

ഡെപ്യൂട്ടി സെക്രട്ടറി

1. സംസ്ഥാന പോലീസ് മേധാവി, തിരുവനന്തപുരം
2. സ്റ്റേറ്റ് നോഡൽ ഓഫീസർ, സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി,തിരുവനന്തപുരം
3. ഇൻഫർമേഷൻ ഓഫീസർ , വെബ് & ന്യൂ മീഡിയ, ഐ & പി ആർ ഡി
4. കരുതൽ ഫയൽ (D2/3/2025-HOME)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ആഭ്യന്തര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി എയ്ക്ക്